# വെളിപ്പാടു പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് ഇരുപത്തൊമ്പത്

## വിശ്വാസികളുടെ ഉൾപ്രാപണം

## (1)

Sat കഴിഞ്ഞ ഒന്നര നൂറ്റാണ്ടായി വിശുദ്ധന്മാരുടെ ഉൾപ്രാപണം അന്വേഷകരായ ക്രിസ്ത്യാനികളെ അലട്ടുന്ന ഒരു വിഷയമായിരുന്നു. മുഖ്യമായി, ഉൾപ്രാപണത്തെ സംബന്ധിച്ചുള്ള അറിവിന്റെ മൂന്നു ചിന്താധാരകളുണ്ട്—മഹോപദ്രവത്തിനുമുമ്പ് എന്ന ചിന്താധാര, മഹോപദ്രവത്തിനുശേഷം എന്ന ചിന്താധാര, ഭാഗിക ഉൾപ്രാപണമെന്നു പറയപ്പെടുന്ന ചിന്താധാര. ഭാഗിക ഉൾപ്രാപണത്തിന്റെ ചിന്താധാരയിലുള്ളവർ പറയുന്നത് ഭൂരിഭാഗം വിശ്വാസികൾക്കും മുമ്പേ ജയാളികൾ എടുക്കപ്പെടുമെന്നാണ്. ഈ ഓരോ ചിന്താധാരയിലും വേദപുസ്തകം നന്നായി അറിയുന്ന വളരെ ആത്മികരായ ചിലർ ഉണ്ടായിരുന്നു. പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ നിമിത്തം ഉൾപ്രാപണത്തെപ്പറ്റി വളരെയധികം വാദപ്രതിവാദം ഉണ്ടായിട്ടുണ്ട്. ഞാൻ രക്ഷിക്കപ്പെട്ടശേഷം അധികം താമസിയാതെ പ്രവചനം പഠിക്കുവാൻ തുടങ്ങുകയും, തൽഫലമായി, ഈ എല്ലാ ചിന്താധാരകളെയുംകുറിച്ച് വളരെ സുപരിചിതനായിത്തീരുകയും ചെയ്തു. നിരവധി വർഷങ്ങളുടെ പഠനത്തിന്റെയും, നിരീക്ഷണത്തിന്റെയും, ചിന്തനങ്ങളുടെയും ഫലമായി, ഈ ദൂതിലും തുടർന്നുള്ള ദൂതിലും വേദപുസ്തകത്തിലെ നിർമല വചനമനുസരിച്ച് ഉൾപ്രാപണത്തെ സംബന്ധിച്ച വ്യക്തവും ലളിതവുമായ ഒരു സന്ദേശം അവതരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാ ചിന്താധാരകളെയും മറന്ന് നിർമല വചനത്തിനായി മാത്രം നമുക്ക് കരുതാം.

## I. ജയാളികളുടെ ഉൾപ്രാപണം

വേദപുസ്തകത്തിൽ ഉൾപ്രാപണത്തിന്റെ രണ്ടു വശങ്ങൾ നാം കാണുന്നു: ജയാളികളുടെ ഉൾപ്രാപണവും വിശുദ്ധന്മാരിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണവും. ഉൾപ്രാപണത്തിന് രണ്ടു വശങ്ങൾ ഉണ്ട് എന്നത് രണ്ട് ഉൾപ്രാപണങ്ങൾ മാത്രമേ ഉള്ളൂ

എന്നർഥമില്ല. ജയാളികളുടെ ഉൾപ്രാപണത്തിൽ കുറഞ്ഞത് മൂന്നു വിഭാഗങ്ങളുണ്ട്. ഉദാഹരണത്തിന്, ആദ്യഫലത്തിന്റെ ഉൾപ്രാപണം ആൺകുട്ടിയുടെ ഉൾപ്രാപണത്തിൽനിന്നും വ്യത്യസ്തമാണ്. ആൺകുട്ടി (12:5) പുനരുത്ഥാനം ചെയ്യുന്ന മരിച്ചുപോയ ജയാളികൾ അടങ്ങുന്നതും, ആദ്യഫലം (14:1-5) മരണത്തിലൂടെ ഒരിക്കലും കടന്നുപോകാത്ത ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരും ആണ്. നാം പന്ത്രണ്ടാം അധ്യായത്തിലേക്കു വരുമ്പോൾ, സൂര്യനെ അണിഞ്ഞിരിക്കുന്ന സ്ത്രീയെപ്പോലെ, ആൺകുട്ടി ഒരു അടയാളമാണെന്നു നാം കാണും. വെളിപ്പാടിലെ ആൺകുട്ടി, ജനിപ്പിക്കപ്പെട്ടവൻ, ജനനത്തിൽ കൊണ്ടുവരപ്പെട്ടവൻ, ആണ്. കർത്താവായ യേശുവിനെ നോക്കുക. അവൻ പുനരുത്ഥാനത്തിൽ ആദ്യജാതനായ പുത്രനായിരിക്കുവാൻ ദൈവത്തിൽനിന്നു ജനിപ്പിക്കപ്പെട്ടവനായിരുന്നു (എബ്രാ. 1:5; പ്രവൃ. 13:33). ആൺകുട്ടിയും പുനരുത്ഥാനത്തിൽ ജനിപ്പിക്കപ്പെട്ടു. ആൺകുട്ടിയുടെ പുനരുത്ഥാനം അവന്റെ ജനനമായിരിക്കും. വെളിപ്പാട് 12:11 പറയുന്നു, ആൺകുട്ടിയുടെ ഒരു ഭാഗമായ ജയാളികൾ മരണത്തോളം വിശ്വസ്തരാണ്; അവർ രക്തത്താലും അവരുടെ സാക്ഷ്യവചനത്താലും ശത്രുവിനെ ജയിക്കുകയും, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിക്കാതിരിക്കുകയും ചെയ്തു. ആൺകുട്ടിയിൽ ഉൾപ്പെട്ടിരുന്നവരെല്ലാം മരണത്തോളം വിശ്വസ്തരായിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. അവരിൽ അനേകർ രക്തസാക്ഷികളായിരുന്നു. തന്മൂലം, മരിച്ചുപോയ സകല ജയാളികളും ഉൾപ്പെടുന്ന ആൺകുട്ടി ജീവിച്ചിരിക്കുന്ന ജയാളികളായ ആദ്യഫലത്തിൽനിന്നും വ്യത്യസ്തരാണ്. ആൺകുട്ടിക്കും ആദ്യഫലത്തിനും പുറമെ, പതിനഞ്ചാം അധ്യായത്തിൽ ജയാളികളുടെ മറ്റൊരു കൂട്ടുകെട്ടുണ്ട്—എതിർക്രിസ്തുവിനെയും, അവന്റെ അടയാളത്തെയും, അവന്റെ പേരിന്റെ സംഖ്യയെയും, അവന്റെ പ്രതിമയെയും ജയിക്കുകയും, കർത്താവിനെ സ്തുതിക്കുവാൻ കണ്ണാടിക്കടലിന്മേൽ നിൽക്കുന്നതിന് എടുക്കപ്പെടുകയും ചെയ്യുന്നവരായ വൈകിയെത്തുന്ന ജയാളികൾ. അതുകൊണ്ട്, ജയാളികളോടുള്ള ബന്ധത്തിൽ കുറഞ്ഞത് വ്യത്യസ്തമായ മൂന്നു ഉൾപ്രാപണങ്ങൾ ഉണ്ട്. ഇതുകൂടാതെ, പതിനൊന്നാം അധ്യായത്തിൽ രണ്ടു സാക്ഷികളുടെ പ്രത്യേകമായ ഉൾപ്രാപണമുണ്ട്.

ജയാളികളുടെ ഉൾപ്രാപണം ഉൾപ്രാപണത്തിന്റെ ആദ്യത്തെ തരവും, വെളിപ്പാടിൽ കൊയ്ത്തായി പരിഗണിക്കപ്പെട്ടിരിക്കുന്ന ഭൂരിഭാഗം വിശുദ്ധന്മാരുടെ ഉൾപ്രാപണം (14:15) രണ്ടാമത്തേതും ആണ്. ലേവ്യാ 23:10-ൽ ഉൾപ്രാപണത്തിന്റെ ഒരു മുൻകുറി നാം കാണുന്നു—വയലിയിൽ വിളയുന്ന വിളവിന്റെ മുൻകുറി. ചില വിളവുകൾ നേരത്തേ വിളയുകയും മറ്റുള്ളവ താമസിച്ചു

വിളയുകയും ചെയ്യുന്നു. ആദ്യം വിളയുന്നവ ആദ്യഫലമായി എണ്ണപ്പെടുന്നു. പഴയനിയമകാലത്ത്, ആദ്യഫലത്തെ കളപ്പുരയിലേയ്ക്കല്ല, എപ്പോഴും ദൈവാലയത്തിലേയ്ക്കാണ് കൊണ്ടുവന്നിരുന്നത്. പുറപ്പാട് 23:19 വ്യക്തമായി പറയുന്നു, "നിന്റെ ഭൂമിയുടെ ആദ്യവിളവുകളിലെ പ്രഥമഫലം നിന്റെ ദൈവമായ യഹോവയുടെ ആലയത്തിൽ കൊണ്ടുവരണം." ആദ്യഫലം വയലിൽ നിന്ന് ദൈവത്തിന്റെ ആസ്വാദനത്തിനും സംതൃപ്തിക്കുംവേണ്ടി ദൈവാലയത്തിലേക്ക് കൊണ്ടുവന്നിരുന്നു. വയൽ പൂർണ്ണമായി വിളയുമ്പോഴായിരുന്നു കൊയ്ത്തിന്റെ സമയം. വിളവു കൊയ്തശേഷം അത് കളപ്പുരയിലേക്ക് കൊണ്ടുവന്നിരുന്നു. ഇതൊരു മുൻകുറിയാണ്. വിളവ് ദൈവത്തിന്റെ ജനമാണ് (1 കൊരി. 3:9), വിളയുന്ന ആദ്യത്തെ വിളവ് സ്വർഗത്തിലുള്ള ദൈവാലയത്തിലേക്ക് നേരിട്ടു കൊണ്ടുവരുന്ന ആദ്യഫലമാണ്. അത് സംഭവിച്ചതിനുശേഷം, സൂര്യപ്രകാശം വളരെ ശോഭയുള്ളതായിത്തീരുകയും, അപ്പോഴും പച്ചയായിരിക്കുന്ന വിളയാത്ത വിളവുകൾ വിളയുവാൻ തുടങ്ങുകയും ചെയ്യും. എല്ലാ വിളവും വിളഞ്ഞശേഷം, ഭൂരിഭാഗം വിശുദ്ധന്മാരുടെയും കൊയ്ത്തു നടക്കുകയും ആകാശത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യും. ആകാശം കളപ്പുരയോട് ഒത്തിരിക്കുന്നു. മിക്കവാറും കൃഷിയിടങ്ങളിൽ കളപ്പുര വയലിനും കൃഷിയിടത്തിലെ പുരയ്ക്കും നടുവിലാണ്. കൊയ്ത്ത് കളപ്പുരയിൽ കൂട്ടിവയ്ക്കുന്നു, എന്നാൽ ആദ്യഫലം കൃഷിക്കാരന്റെ ആദ്യരുചിക്കുവേണ്ടി കൃഷിയിടത്തിലെ പുരയിലേക്ക് കൊണ്ടുവരുന്നു. ഉൾപ്രാപണത്തെ സംബന്ധിച്ച് നിരവധി ഉപദേഷ്ടാക്കന്മാർ എഴുതിയിട്ടുണ്ടെങ്കിലും, അവയിൽ മിക്കവരും ദൈവത്തിന്റെ വിളവിന്റെ ഈ വിഷയത്തിന് ശ്രദ്ധ നല്കിയിട്ടില്ല. നിലത്തിലേക്ക് വിത്തു വിതയ്ക്കുവാൻ കർത്താവ് വന്നുവെന്ന് മത്തായി 13-ൽ കർത്താവായ യേശു വെളിപ്പെടുത്തി. 1 കൊരിന്ത്യർ 3-ൽ പൗലൊസ് കൊരിന്ത്യരോടു പറഞ്ഞു, "നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം." അവസാനം, വെളിപ്പാട് 14-ൽ നമുക്ക് ആദ്യഫലവും കൊയ്ത്തും ഉണ്ട്. ഇത് ഉൾപ്രാപണത്തോടുള്ള ബന്ധത്തിൽ അടിസ്ഥാനപരമായ ധാരണ നമുക്കു നല്കുന്നു.

അനേകം ക്രിസ്ത്യാനികളും ആഴമില്ലാത്തവരും ഹ്രസ്വദൃഷ്ടരും ആണ്. അവർ വേദപുസ്തകത്തെ സമഗ്രമായ രീതിയിൽ വായിക്കുകയോ പഠിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, അവരുടെ അടിസ്ഥാനമായി കുറച്ചു വാക്യങ്ങൾ തിരഞ്ഞെടുത്തുകൊണ്ട് മഹോപദ്രവത്തിനുമുമ്പ് സകല ക്രിസ്ത്യാനികളും എടുക്കപ്പെടുമെന്ന് അവർ പഠിപ്പിക്കുന്നു. നാം പാപികളായിരുന്നുവെന്നും, കർത്താവിന്റെ രക്തത്താൽ കഴുകൽപ്രാപിച്ചവരും, ദൈവാത്മാവിനാൽ വീണ്ടുംജനിച്ചവരും, രക്ഷിക്കപ്പെട്ടവരും, കർത്താവായ യേശുവിന്റെ മടങ്ങിവരവിനുവേണ്ടി ഇപ്പോൾ

കാത്തിരിക്കുന്നവരുമാണെന്നും, അവൻ വരുമ്പോൾ നാം എടുക്കപ്പെടുമെന്നും അവർ പറയുന്നു. പൊതുവായി പറഞ്ഞാൽ ഇത് ശരിയാണ്, ഇതിൽ യാതൊരു തെറ്റും ഇല്ല. എങ്കിലും, ഇത് വിഷയത്തിന്റെ ഒരു സംക്ഷിപ്തവും, അശ്രദ്ധവും, ഉപരിപ്ലവവുമായ ചിന്തയാണ്. ഉൾപ്രാപണത്തെ സംബന്ധിച്ച പരമ്പരാഗതമായ ഉപദേശങ്ങളുടെ അവ്യക്തതയുടെയും സാമാന്യത്വത്തിന്റെയും ഒരു ഉദാഹരണമായി അനഹേമിലെ ആർഡൻ പ്ലേസിലുള്ള ഞാൻ മുമ്പ് താമസിച്ചിരുന്ന ഫ്ലാറ്റിനെ ഞാൻ ഉപയോഗിക്കട്ടെ. ആ സ്ഥലം പരിചയമില്ലാത്തവർക്ക് ആർഡൻ പ്ലേസ് കണ്ടുപിടിക്കുന്നതു പ്രയാസമായിരുന്നു. അത് ബാളിനും യൂക്ലിഡിനും സമീപമാണെന്ന് അറിയാവുന്ന ചിലർ ആർഡൻ പ്ലേസ് കണ്ടെത്തുന്നതിനുവേണ്ടി ഒരു മണിക്കൂറോളം ചെലവഴിച്ചിട്ടുണ്ട്. എങ്ങനെ ബാളിനും യൂക്ലിഡിനും അടുത്തെത്തണമെന്ന് അവർക്കറിയാമെങ്കിലും, അവിടെനിന്നും ചെറിയ ഇടവഴികളിലൂടെ എന്റെ ഫ്ലാറ്റിലേക്കുള്ള വിശദമായ ദിശകൾ അവർക്കുണ്ടായിരുന്നില്ല. ഞങ്ങൾ ബാളിനും യൂക്ലിഡിനും അടുത്തു താമസിച്ചിരുന്നു എന്നത് ശരിയായിരുന്നു വെങ്കിലും, ജൂനോയിലുള്ള ആർഡൻ പ്ലേസ് ഏറെക്കുറെ മറയ്ക്കപ്പെട്ടി രുന്നു. അവിടെ എത്തണമെങ്കിൽ, ഒരുവന് അനേകം ചുറ്റുകളുള്ള ചെറിയ ഇടവഴികളിലൂടെ സഞ്ചരിക്കണമായിരുന്നു.

പുതിയനിയമത്തിലെ ഉൾപ്രാപണമെന്ന വിഷയം മനസ്സിലാക്കുന്നതും അനേകം ചുറ്റുകളുള്ള ഇടവഴികളിലൂടെ വണ്ടി ഓടിക്കുന്നതുപോലെയാണ്. കൃത്യമായി ഈ വിഷയത്തെ അറിയുന്നത് വളരെ പ്രയാസമാണ്. ഒരുപക്ഷേ നമ്മുടെ ജാഗരണത്തെ ഉണർത്തുന്നതിനായി കർത്താവ് ഈ രീതിയിൽ അതിനെ വച്ചതാകാം. ഉൾപ്രാപണത്തെക്കുറിച്ച് നിങ്ങൾക്ക് എല്ലാം അറിയാമെന്ന ആത്മവിശ്വാസം ഉള്ളവനായിരിക്കരുത്; കാരണം ഞാൻ എവിടെയാണ് പാർത്തിരുന്നതെന്ന് അറിയാമെന്നു ചിന്തി ച്ചിരുന്നുവെങ്കിലും ബാളും യൂക്ലിഡുമിന്റെ പൊതുവായ പരിസരം മാത്രം അറിഞ്ഞിരുന്നവരെപ്പോലെയായിരിക്കാം നിങ്ങളും. ഒരുപക്ഷേ ഉൾപ്രാപണത്തെ നിങ്ങൾക്ക് പൊതുവായ രീതിയിൽ അറിയാമായിരിക്കാം, എന്നാൽ വിശദാംശങ്ങളുമായി നിങ്ങൾ സുപരിചിതരല്ല. നമുക്ക് ആവശ്യമായിരിക്കുന്നത് പൊതുവായ ഒരു ഭൂപടമല്ല, വിശദമായ ഒരു ഭൂപടമാണ്. ഉൾപ്രാപണത്തെ സംബന്ധിച്ചുള്ള ക്രിസ്ത്യാനികളുടെ ഇടയിലെ സംസാരത്തിൽ മിക്കതും വളരെ പൊതുവായതാണ്. അത് എന്റെ ഫ്ലാറ്റിലേക്കുള്ള കൃത്യമായ ദിശയറിയാതെ ബാളും യൂക്ലിഡുമിന്റെ പരിസരം അറിയുന്നതുപോലെയാണ്. കഴിഞ്ഞ അമ്പത് വർഷങ്ങളായി ഉൾപ്രാപണത്തെ പഠിക്കുന്നതിന് ഞാൻ സമയം ചെലവഴിച്ചിട്ടുണ്ട്. 1925 മുതൽ, എനിക്ക് ഈ വിഷയത്തെക്കുറിച്ച് വായിക്കുവാനോ കേൾക്കുവാനോ കഴിഞ്ഞപ്പോഴെല്ലാം, അങ്ങനെ ചെയ്യുവാനുള്ള

അവസരം ഞാൻ കൈവശമാക്കി. ഉൾപ്രാപണം എന്ന വിഷയത്തെ സംബന്ധിച്ച്, കർത്താവു നമുക്ക് അതിസൂക്ഷ്മമായ വിശദാംശങ്ങൾ കാണിച്ചു തന്നിരിക്കുന്നുവെന്നു പറയുവാനുള്ള ഉറപ്പ് എനിക്കുണ്ട്; ഈ രണ്ടു ദൂതുകളിൽ ഈ വിശദാംശങ്ങളിൽ ചിലത് നാം പരിശോധിക്കേണ്ടതാവശ്യമാണ്.

സഹസ്രാബ്ദത്തിനുമുമ്പ് കർത്താവായ യേശു ഉറപ്പായും മടങ്ങിവരും. കർത്താവിന്റെ മടങ്ങിവരവ് സഹസ്രാബ്ദത്തിനു ശേഷമായിരിക്കുമെന്നു പഠിപ്പിച്ചിരുന്ന ഒരു ദൈവശാസ്ത്ര ചിന്താധാര ഒരിക്കൽ ഉണ്ടായിരുന്നു. അമ്പതു വർഷങ്ങൾക്കുശേഷം ഇപ്പോഴും ഈ ചിന്താധാര ഉണ്ടെങ്കിലും, അതിപ്പോൾ കാലോചിതമല്ലായിരിക്കാം. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, കർത്താവു സഹസ്രാബ്ദത്തിനുമുമ്പു വരുമെന്നു പഠിപ്പിച്ചിരുന്ന ചിന്താധാരയും അവൻ സഹസ്രാബ്ദത്തിനുശേഷം വരുമെന്നു പഠിപ്പിച്ചിരുന്ന ചിന്താധാരയും ഞാൻ പഠിച്ചിട്ടുണ്ട്. കഴിഞ്ഞ അമ്പതു വർഷങ്ങളായി രണ്ടാമത്തെ ചിന്താധാര അപ്രത്യക്ഷമായി; അതിനെക്കുറിച്ച് ആരും ഇപ്പോൾ ശ്രദ്ധിക്കുന്നതേയില്ല. ഒരുപക്ഷേ നിങ്ങൾ ഇതിനെക്കുറിച്ച് ഒരിക്കലും കേട്ടിട്ടു പോലുമുണ്ടാകില്ല. ക്രിസ്തു സഹസ്രാബ്ദത്തിനുശേഷം മടങ്ങിവരുമെന്നു പറയുന്നത് തികച്ചും വചനവിരുദ്ധമാണ്. അങ്ങനെ, ഒരു ചിന്താധാര, ക്രിസ്തു സഹസ്രാബ്ദത്തിനുമുമ്പു വരും എന്ന ചിന്താധാര മാത്രമേ നിലനിൽക്കുന്നുള്ളൂ. എങ്കിലും ഇതും വളരെ പൊതുവായതാണ്. നാം വളരെയധികം കൃത്യതയുള്ളവരും നിശ്ചയമുള്ളവരും ആയിരിക്കണം. കർത്താവായ യേശു സഹസ്രാബ്ദത്തിനുമുമ്പു വരുമെന്നും, എല്ലാ ക്രിസ്ത്യാനികളും എടുക്കപ്പെടുമെന്നും പറയുന്നത് തികച്ചും ശരിയാണെങ്കിലും, അപ്പോഴും നാം വിശദാംശങ്ങളുമായി സുപരിചിതരായിത്തീരണം.

ഈ ദൂതു വായിക്കുന്ന ചിലർക്കുവേണ്ടി ഞാൻ ആശങ്കപ്പെടുന്നു. നമ്മുടെ മനസ്സിലേക്ക് ആദ്യം പ്രവേശിച്ചത് എന്താണെങ്കിലും അതിനെ പിഴുതെടുക്കുവാൻ പ്രയാസമാണ്. സകല വിശ്വാസികളും മഹോപദ്രവത്തിനുമുമ്പ് എടുക്കപ്പെടുമെന്നുള്ള ചിന്ത ആരെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ, അതിൽനിന്നും വിടുവിക്കപ്പെടുവാൻ അവന് പ്രയാസമായിരിക്കും. എന്നിരുന്നാലും, പഴയതും കൃത്യമല്ലാത്തതുമായ സകല ധാരണകളും നീക്കപ്പെടേണ്ടത് ആവശ്യമാണ്.

## A. ആവശ്യം

### *1. മഹോപദ്രവം വരുന്നു*

ആദ്യമായി ജയാളികളുടെ ഉൾപ്രാപണത്തിന്റെ ആവശ്യം എന്താണെന്ന് നമുക്കു നോക്കാം. മഹോപദ്രവം വരുന്നുവെന്ന് മത്തായി 24:21 വെളിപ്പെടുത്തുന്നു. "ആ നാളുകൾ

വെട്ടിച്ചുരുക്കപ്പെടാഞ്ഞാൽ ഒരു ജഡവും രക്ഷപ്പെടുകയില്ല: എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവർ നിമിത്തം, ആ നാളുകൾ വെട്ടിച്ചുരുക്കപ്പെടും." എന്ന് മത്തായി 24:22 പറയുന്നു. മഹോപദ്രവം അതികഠിനമായിരിക്കും: ആരെങ്കിലും രക്ഷിക്കപ്പെടണമെങ്കിൽ അതിന്റെ നാളുകൾ ചുരുങ്ങിയിരിക്കണം.

### *2. ഭൂമിയിൽ വസിക്കുന്ന എല്ലാവരുടെയുംമേൽ ഒരു കെണി വരുന്നു*

ഉൾപ്രാപണത്തിനുള്ള മറ്റൊരു ആവശ്യം ഭൂമിയിൽ വസിക്കുന്ന എല്ലാവരുടെയുംമേൽ ഒരു കെണി വരുന്നു എന്നതാണ് (ലൂക്കൊ. 21:34-35). മത്സ്യങ്ങളെ കുടുക്കുവാൻ മീൻപിടിത്തക്കാരൻ ഒരു വല എറിയുന്നതുപോലെ, സാത്താനും നമ്മെ കുടുക്കുവാൻ അവന്റെ വല എറിയുന്നു. ലൂക്കൊസ് 21:35-ൽ പറഞ്ഞിരിക്കുന്ന കെണിയോടുള്ള ബന്ധത്തിൽ വാക്യം 34-ൽ കർത്താവ് മൂന്നു കാര്യങ്ങൾ പറയുന്നു: "എന്നാൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുവിൻ, അല്ലാഞ്ഞാൽ ഒരുപക്ഷേ നിങ്ങളുടെ ഹൃദയങ്ങൾ അമിതഭോഗത്താലും മദ്യപാനത്താലും ജീവിതത്തിന്റെ വ്യാകുലതകളാലും ഭാരപ്പെട്ട്, ആ ദിവസം പെട്ടെന്ന് ഒരു കെണിപോലെ നിങ്ങളുടെ മേൽ വരും." ഈ വാക്യത്തിൽ കർത്താവ് അമിതഭോഗത്തെയും (തിന്നുന്നത്), മദ്യപാനത്തെയും (കുടിക്കുന്നത്), ജീവിതത്തിന്റെ വ്യാകുലതകളെയും പരാമർശിക്കുന്നു. രണ്ടാം ലോകമഹായുദ്ധം മുതൽ ഭൂമിയിലുള്ള മിക്കവാറും എല്ലാവരും ഈ മൂന്നു കാര്യങ്ങളിൽ മുഴുകിയിരിക്കുന്നു. ഉദാഹരണത്തിന് വ്യവസായം മൊത്തത്തിൽ ഉപജീവനത്തിനുവേണ്ടിയാണ്. സമ്പത്തിന്റെ കാര്യവും അങ്ങനെതന്നെയാണ്. എല്ലാ സർവ്വകലാശാലകളും വ്യവസായത്തിനുവേണ്ടിയും, വ്യവസായം പണത്തിനുവേണ്ടിയും, പണം ഉപജീവനത്തിനുവേണ്ടിയും ആണ്. ഇന്ന് ഭൂമിയിലുള്ള കോടിക്കണക്കിനു ജനത്തെ നോക്കൂ: അവരുടെ ഏക ആശങ്ക ഉപജീവനചിന്തകളാണ്. അവർ ഉൾപ്പെട്ടിരിക്കുന്ന സർവ്വവും—വിദ്യാഭ്യാസം, വ്യവസായം, രാഷ്ട്രീയം, പോരാട്ടം—ഉപജീവനചിന്തകളുടെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. തിന്നുന്നതും, കുടിക്കുന്നതും, ഉപജീവനചിന്തകളും ഭൂമിയിൽ വസിക്കുന്ന എല്ലാവരെയും കുടുക്കുവാൻ സാത്താൻ ഉപയോഗിക്കുന്ന വല എന്ന പൈശാചിക കെണിയുടെ മുഖ്യമായ മൂന്നു മൂലകങ്ങളാണ്. ലൂക്കൊസിലെ ഈ വാക്യങ്ങളിൽ ഭൂമിയിൽ വസിക്കുന്ന എല്ലാവരെയും കുടുക്കുന്ന സമയം വരുമെന്ന് കർത്താവായ യേശു പറയുകയായിരുന്നു. ഞാൻ എഴുപതു വർഷത്തിലധികം ജീവിച്ചു: ഏതാണ്ട് അറുപതു വർഷത്തോളം ലോകസാഹചര്യത്തെ നിരീക്ഷിക്കുകയായിരുന്നു. മനുഷ്യജീവിതം എന്താണെന്ന് എനിക്കറിയാം. ഞാൻ മനുഷ്യചരിത്രം പഠിക്കുകയും, വർത്തമാനപത്രങ്ങൾ

വായിക്കുകയും, ലോകസാഹചര്യം നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേകിച്ചും രണ്ടാം ലോകമഹായുദ്ധംമുതൽ ജനം തങ്ങളുടെ ഭൗതിക ജീവിതമൊഴികെ മറ്റൊന്നിനുംവേണ്ടി ശ്രദ്ധിക്കുന്നില്ലെന്ന് ഞാൻ കണ്ടെത്തി. ദൈവം ലോകത്തെ ആകസ്മികമായ ഒരു രീതിയിൽ സൃഷ്ടിച്ചില്ല. അവന്റെ സൃഷ്ടിപ്പ് മനോഹരവും അനേകം സൂക്ഷ്മമായ കാര്യങ്ങൾ ഉള്ളടങ്ങിയിരിക്കുന്നതും ആണ്. എങ്കിലും, ഈ കാര്യങ്ങളിൽ ഏതെങ്കിലുമൊന്നിനാൽ നാം കുരുക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നാം അവയാൽ പിടിക്കപ്പെടും. ഉദാഹരണത്തിന്, നമുക്കായിത്തന്നെ അനുയോജ്യമായ ഒരു വാസസ്ഥലം നിലനിർത്തുന്നത് അനിവാര്യവും ശരിയും ആണ്; എന്നാൽ നാം അതിനാൽ കുരുക്കപ്പെടാതിരിക്കുവാൻ ജാഗ്രതയുള്ളവരായിരിക്കണം.

തിന്നുന്നതിനാലും, കുടിക്കുന്നതിനാലും, ഉപജീവനചിന്തകളാലും കുരുക്കപ്പെട്ടിരിക്കുന്നതിന്റെ ഗൗരവകരമായ അപായം ഉണ്ടെങ്കിലും, നാം അപ്പോഴും ഒരു സാധാരണ മനുഷ്യജീവിതം നയിക്കേണ്ടത് ആവശ്യമാണ്. യൗവനക്കാർ നല്ല വിദ്യാഭ്യാസം നേടണം, കാരണം ഒരു ഉപജീവനം ഉണ്ടായിരിക്കേണ്ടതിന് ഇത് അനിവാര്യമാണ്. "ഞാൻ ഈ ജീവിതത്തെക്കുറിച്ച് വ്യാകുലപ്പെടുന്നില്ല. ഞാൻ കർത്താവിനെ മാത്രം സ്നേഹിക്കുന്നതിനാൽ ഞാൻ പഠിത്തം ഉപേക്ഷിക്കുകയും ദിവസം മുഴുവനും കർത്താവിനെ സ്തുതിക്കുകയും ചെയ്യും" എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ഒഴികഴിവു പറയരുത്. നിങ്ങൾ അങ്ങനെ ചെയ്യുന്നുവെങ്കിൽ, മറ്റുള്ളവർക്ക് ഒരു ഭാരമായിത്തീരും. നിങ്ങൾക്ക് എല്ലാം ശരിയായിരിക്കാം, എന്നാൽ മറ്റുള്ളവർക്ക് അങ്ങനെയായിരിക്കുകയില്ല. വിശ്വാസം ഉണ്ടെന്ന് നിങ്ങൾ അവകാശപ്പെട്ടേക്കാം, എന്നാൽ നിങ്ങളുടെ പറയപ്പെടുന്ന വിശ്വാസം നിങ്ങൾക്കുവേണ്ടി അധ്വാനിക്കുവാൻ മറ്റുള്ളവരെ നിർബന്ധിക്കും. നിങ്ങൾ ഉത്സാഹത്തോടെ പഠിക്കുകയും സ്കൂളിൽ നന്നായി പ്രവർത്തിക്കുകയും ചെയ്യുക. എങ്കിലും, നിങ്ങൾക്ക് ഒരു പേരുണ്ടാക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടിയോ കീർത്തിപ്പെട്ട ഒരു വ്യക്തിയായിത്തീരുന്നതിനുവേണ്ടിയോ ഇതു ചെയ്യരുത്. നിങ്ങൾ പഠിക്കേണ്ടത് ആവശ്യമാണെങ്കിലും, വിദ്യാഭ്യാസം ഒരു കെണിയായിരിക്കുവാൻ അനുവദിക്കരുത്. "ഞാൻ കുരുക്കപ്പെടുവാൻ ആഗ്രഹിക്കുന്നില്ല, അതിനാൽ ഞാൻ സ്കൂളിലേക്കു പോകുന്നില്ല. എന്റെ മുഴുവൻ സമയവും വേദപുസ്തകം വായിക്കുവാനും എന്റെ ചെറുപ്പക്കാരായ സഹപ്രവർത്തകരുമൊത്ത് കൂട്ടായ്മ ആചരിക്കുവാനും ചെലവഴിക്കുന്നതാണ് നല്ലത്. അതു മനോഹരമായിരിക്കില്ലേ?" എന്ന് അപ്പോഴും ചിലർ പറയുന്നുണ്ടാകാം. അനേകം യൗവനക്കാർക്ക് ഈ തെറ്റായ ധാരണയുണ്ട്; അവർ പറയുന്നു, "കർത്താവായ യേശു നാളെ വന്നേക്കാം. പിന്നെന്തിന് നാം ഇത്രയധികം പഠിക്കണം? ഇത്

സമയം പാഴാക്കുന്നതാണ്." കർത്താവു നാളെ വരുമായിരിക്കാമെങ്കിലും, നിങ്ങളുടെ അലസത നിമിത്തം, നിങ്ങൾ പഠിച്ച് ബിരുദമെടുക്കണം എന്ന പാഠം പഠിക്കുന്നതുവരെ അവൻ വൈകിയേക്കാം.

വീണുപോയ ജനമെന്ന നിലയിൽ നാം അസന്തുലിതരാണ്. വയലിലായിരിക്കുന്ന രണ്ടുപേരെക്കുറിച്ച് മത്തായി 24:40 പറയുന്നു. രണ്ടുപേർ ഉറങ്ങുന്നുവെന്നോ, കൂട്ടായ്മ ആചരിക്കുന്നുവെന്നോ, യാതൊരു വേലയിലും മുഴുകാതെ കർത്താവിനുവേണ്ടി മാത്രം ജീവിക്കുന്നുവെന്നോ അല്ല അതു പറയുന്നത്. "കർത്താവു നാളെ വരാമെന്നതിനാൽ നാം എന്തിനു വയലിൽ വേല ചെയ്യണം? അവൻ വരുന്നതുവരെ വേണമെങ്കിൽ മൂന്നു നേരം നമുക്ക് ഉപവസിക്കുവാൻ കഴിയും" എന്നു ചിലർ പറഞ്ഞേക്കാം. ഞാൻ ഒരിക്കൽ ഒരു ദൂതു കേട്ടിരുന്നു, അതിൽ പ്രസംഗകൻ പറഞ്ഞു, "കർത്താവു വരുമ്പോൾ ഞാനും എന്റെ ഭാര്യയും സ്തുതിക്കുകയും പ്രാർഥിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അത് എത്ര മനോഹരമായിരിക്കും." എന്നാൽ അവൻ പ്രത്യക്ഷനാകുമ്പോൾ നാം ഈ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമെന്ന് വേദപുസ്തകം സൂചിപ്പിക്കുന്നില്ല. മറിച്ച്, രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കുമെന്ന് മത്തായി 24:41 പറയുന്നു. പുരാതന കാലങ്ങളിൽ, സ്ത്രീകൾക്ക് ഏറ്റവും പ്രയാസമേറിയ വേല ഗോതമ്പു പൊടിക്കുന്നതായിരുന്നു. ഞാൻ ആ കാലങ്ങളിലെ സ്ത്രീകളിൽ ഒരുവളായിരുന്നുവെങ്കിൽ, ഞാൻ പറയുമായിരുന്നു, "കർത്താവായ യേശു ഇന്നു രാത്രി മടങ്ങിവരുമായിരിക്കുമെന്ന് അറിയുവാൻ ചെറുപ്പക്കാരായ സഹോദരന്മാർ നമ്മെ സഹായിച്ചു. പിന്നെ ഗോതമ്പു പൊടിക്കുന്ന ഈ അധ്വാനത്തിന്റെ ആവശ്യം എന്താണ്? ഇതു സമയം പാഴാക്കുന്നതാണ്. കർത്താവു ഇന്നു രാത്രി വരുന്നുവെങ്കിൽ നാം എന്തിന് ഇപ്പോഴും ഗോതമ്പു പൊടിക്കണം? അവന്റെ വരവിനുവേണ്ടി കാത്തുകൊണ്ട് നമുക്ക് ഇവിടെ ഇരിക്കാം." ഇത് ഒരു അറ്റത്തെ അതിരുകടന്ന ഉദാഹരണമാണ്.

എന്നാൽ മറ്റെ അറ്റത്ത് പണം ഉണ്ടാക്കുകയും അതു ചെലവഴിക്കുകയും ചെയ്യുന്നതൊഴികെ മറ്റൊന്നും ശ്രദ്ധിക്കാത്ത ക്രിസ്ത്യാനികളാണ്. അവർ പറയുന്നു, "ഓ, നാം അത്ര ആത്മികരാകേണ്ടതില്ല. നാം പ്രായോഗികരായിരിക്കുകയും നമ്മുടെ ഭാര്യമാരെയും മക്കളെയും കരുതുകയും വേണം. ഞാൻ എന്റെ കുടുംബത്തെ സഹായിക്കുകയും മറ്റനേകം കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യണം. സഭായോഗങ്ങളിൽ സംബന്ധിക്കുവാൻ എനിക്കു സമയമില്ല. വീട്ടിൽവച്ച് നമുക്ക് ദൈവത്തെ ആരാധിക്കുവാൻ കഴിയുകയില്ലേ?" ഈ അറ്റത്തുള്ളവരോട് കർത്താവു പറയും, "ഞാനൊരു കള്ളനെപ്പോലെ വരും. നിങ്ങൾ എന്നെ പ്രതീക്ഷിക്കാത്ത നേരത്ത് ഞാൻ വരും. ഒരുപക്ഷേ, നിങ്ങൾ പണം ഉണ്ടാക്കുന്നതിൽ

വ്യാപൃതനായിരിക്കുമ്പോൾ ഞാൻ വരും." എന്നാൽ മറ്റെ അറ്റത്തുള്ളവരോട് അവൻ പറയും, "നിങ്ങൾ നിമിത്തം ഞാൻ എന്റെ വരവു താമസിപ്പിക്കും. എന്റെ മടങ്ങിവരവിനുവേണ്ടി നിങ്ങൾ വളരെ ആത്മാർഥത ഉള്ളവരാകുന്നു. യാതൊന്നും ചെയ്യാതവണ്ണം നിങ്ങൾ അത്രമാത്രം ആത്മാർഥത ഉള്ളവരാണ്. നിങ്ങളുടെ പാചകത്തിൽപോലും നിങ്ങൾ ശ്രദ്ധിക്കുന്നില്ല. നിങ്ങൾ പാചകം ചെയ്യുവാനും, പണം ഉണ്ടാക്കുവാനും, നിങ്ങൾക്കും മറ്റുള്ളവർക്കും വേണ്ടി കരുതുവാനും പഠിക്കുന്നതുവരെ ഞാൻ എന്റെ വരവു താമസിപ്പിക്കും." ഞാൻ എന്തു പറയുന്നുവെന്ന് എനിക്കറിയാം, ഞാൻ അതിനെക്കുറിച്ച് ഗൗരവമുള്ളവനാണ്. ഇതാണ് ഇന്നത്തെ ക്രിസ്ത്യാനികളുടെ ഇടയിലുള്ള ദരിദ്രമായ സാഹചര്യം.

ഉപജീവനത്തിനുവേണ്ടി നാം എല്ലാവരും നമ്മുടെ കർത്തവ്യം നിറവേറ്റണമെങ്കിലും, അതിനാൽ കുരുങ്ങിപ്പോകാതെ നാം അതു ചെയ്യണം. നമുക്ക് അനേകം കാര്യങ്ങൾ ഉണ്ടായിരിക്കാം, എന്നാൽ അവ നമ്മെ ഭരിക്കുവാൻ ഒരിക്കലും അനുവദിക്കരുത്. അലസതയുടെ ഒരു അറ്റത്തേക്കും ഈ ജീവിതത്തിന്റെ വിഷയങ്ങളിൽ മുഴുകുന്ന മറ്റെ അറ്റത്തേക്കും വീഴാതെ സന്തുലിതരായിരിക്കുവാൻ പഠിക്കുക. മറ്റുള്ള നിരവധി കാര്യങ്ങളിലെന്നപോലെ ഈ കാര്യത്തിലും രണ്ടു വശങ്ങളുണ്ട്. അപ്പൊസ്തലനായ പൗലൊസിന്റെ ഉദാഹരണം നോക്കുക. അവൻ കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കുകയായിരുന്നില്ലേ? അവന്റെ എഴുത്തുകൾ നിങ്ങൾ പരിശോധിച്ചാൽ, അവയെല്ലാം നീണ്ട കാലയളവിനുവേണ്ടിയായിരുന്നു എന്നു നിങ്ങൾ കാണും. "പ്രിയ വിശുദ്ധരേ, കർത്താവു നാളെ വന്നേക്കാവുന്നതുകൊണ്ട്, നിങ്ങൾ അനേകം കാര്യങ്ങൾ ചെയ്യേണ്ട ആവശ്യമില്ല. നിങ്ങൾ കൂടിയിരുന്നു പ്രാർഥിച്ചാൽ മാത്രം മതി" എന്ന് അവൻ ഒരിക്കലും പറഞ്ഞില്ല. "കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി നാം കാത്തിരിക്കുമ്പോൾതന്നെ, അപ്പോഴും സാധാരണമായ ഒരു രീതിയിൽ നാം ജീവിക്കണം" എന്ന് തന്റെ ലേഖനങ്ങളിൽ പൗലൊസ് പറയുന്നതായി തോന്നുന്നു. കർത്താവ് എപ്പോൾ വരുമെന്ന് നമുക്കറിയില്ലെങ്കിലും, നാം ഭൂമിയിലായിരിക്കുന്നിടത്തോളം കർത്താവായ യേശുവിന്റെ ശരിയായ സാക്ഷ്യമുള്ളവരായിരിക്കുവാൻ നമുക്ക് സാധാരണമായ ഒരു ജീവിതം ഉണ്ടായിരിക്കണം. നാം ഏറ്റവും നല്ല വിദ്യാഭ്യാസം നേടുകയും സന്തുലിതമായ ഒരു ദൈനംദിന ജീവിതം ഉള്ളവരായിരിക്കുകയും വേണം. നാം നമ്മുടെ ഭവനങ്ങൾ പരിപാലിക്കുകയും, എല്ലാ നിലയിലും സാധാരണ ആളുകളായിരിക്കുകയും വേണം.

Mon കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കുന്നവരെന്ന നിലയിൽ, നാം യാതൊന്നിനാലും കുടുങ്ങിപ്പൊകാതെ ശരിയായ ഒരു ജീവിതം ഉണ്ടായിരിക്കണം. നമ്മുടെ ഹൃദയം കർത്താവിലല്ലാതെ മറ്റൊന്നിലുമല്ല. എങ്കിലും, നാം പഠിക്കാതെയും, കച്ചവടം

ചെയ്യാതെയും, വൃത്തിയാക്കുന്നതുപോലെയുള്ള ദൈനംദിന ചെറിയ വീട്ടുജോലികൾ ശ്രദ്ധിക്കാതെയും ഇരിക്കണമെന്ന് ഇത് അർഥമാക്കുന്നില്ല. "ഞാനെന്തിനാണ് എന്റെ വസ്ത്രങ്ങൾ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടത്? അലക്കുന്നത് സമയവും പണവും പാഴാക്കുന്നതാണ്. കർത്താവ് ജഡത്തെ ശ്രദ്ധിക്കുന്നില്ല. അവൻ ശ്രദ്ധിക്കുന്നത് എന്റെ ആത്മാവിനെ മാത്രമാണ്. എന്റെ ആത്മാവു വെടിപ്പുള്ളതായിരിക്കുന്നിടത്തോളം സകലവും മനോഹരമാണ്" എന്നു പറയരുത്. അനേകം യൗവനക്കാർക്ക് ഈ മനോഭാവം ഉണ്ടെന്ന് എനിക്കുറപ്പുണ്ട്. അവരുടെ സമയം പാഴാക്കുകയാണെന്നു ചിന്തിച്ചുകൊണ്ട് അവർ രാവിലെ അവരുടെ കിടക്കപോലും ശരിയാക്കാറില്ല. വേദപുസ്തകമോ ആത്മിക പുസ്തകങ്ങളോ വായിച്ചുകൊണ്ട് അവരുടെ സമയം ചെലവഴിക്കാം എന്നു ചിന്തിച്ചുകൊണ്ട്, കിടക്കുവാൻ ഒരു സ്ഥലം ഉള്ളിടത്തോളം അവർ തൃപ്തരാണ്. എന്തിനാണ് അവരുടെ മുറി വെടിപ്പായും, വൃത്തിയായും, ക്രമമായും സൂക്ഷിക്കുവാൻ വേല ചെയ്യണമെന്ന് അവർക്കറിയില്ല. അവരുടെ അലസത കർത്താവിന്റെ മടങ്ങിവരവിനെ താമസിപ്പിച്ചേക്കാം. "നിങ്ങൾ അതിരാവിലെ നിങ്ങളുടെ കിടക്ക ശരിയാക്കുവാനും, നിങ്ങളുടെ തലമുടി ചീകുവാനും, നിങ്ങളുടെ ഷൂസുകൾ പോളിഷ് ചെയ്യുവാനും പഠിക്കണം. പിന്നീട് നിങ്ങളുടെ പുസ്തകങ്ങൾ ശരിയായ ക്രമത്തിൽ അടുക്കിവയ്ക്കണം. പഴയനിയമത്തിനു മുമ്പായി പുതിയനിയമം വയ്ക്കരുത്" എന്ന് കർത്താവു അവരോടു പറയുമായിരിക്കും. അശ്രദ്ധയുള്ളവനായ ഒരു മൂപ്പനും സഭയുടെ കെട്ടുപണിയിൽ പ്രയോജനമുള്ളവനല്ല. സകലവും നല്ല ക്രമത്തിൽ സൂക്ഷിച്ചുകൊണ്ട് നാം ജാഗ്രത ഉള്ളവനായിരിക്കണം. എങ്കിലും, അവയെക്കുറിച്ച് രാത്രിയിൽ നാം സ്വപ്നം കണ്ടുകൊണ്ടിരിക്കരുത്. മറിച്ച്, "ഇതാ, ഞാൻ വേഗം വരുന്നു" എന്ന് കർത്താവു പറയുമ്പോൾ നാം സകലവും മറക്കുവാൻ കഴിവുള്ളവരായിരിക്കണം. ചിലർ സാധനങ്ങൾ നല്ല ക്രമത്തിൽ സൂക്ഷിക്കും, എന്നാൽ ഇത് അവർക്ക് ഒരു കെണിയായിത്തീരുന്നു. നാം എവിടെയാണെന്ന് തീരുമാനിക്കുവാനുള്ള ഒരു പരീക്ഷയാണിത്. നാം യേശുവിന്റെ സാക്ഷ്യമായാണ് ഇവിടെ ആയിരിക്കുന്നത്. നാം സാധാരണമായ ഒരു ജീവിതം നയിക്കുന്ന സാധാരണ ആളുകളാണെങ്കിലും, ഈ ജീവിതത്തിന്റെ യാതൊന്നിനും നമ്മെ സ്പർശിക്കുവാൻ കഴിയുകയില്ല. നാം അലസരോ, ഉദാസീനരോ, മടിയന്മാരോ, അശ്രദ്ധയുള്ളവരോ അല്ല. എങ്കിലും, ഈ ലോകത്തിലുള്ള യാതൊന്നിനും നമ്മുടെമേൽ ഒരു നിയന്ത്രണവുമില്ല. ഈ വിഷയത്തെ സംബന്ധിച്ച ഈ രണ്ടു വശങ്ങൾ കർത്താവുമായി ഒന്നായിരിക്കുവാൻ നമ്മെ നിർബന്ധിക്കും.

എന്താണ് ഉൾപ്രാപണത്തിന്റെ അർഥം? അത് കർത്താവിന്റെ സന്നിധിയിലേക്ക് എടുക്കപ്പെടുന്നതാണ്. നിങ്ങൾ അവന്റെ

സന്നിധിയിലേക്ക് എടുക്കപ്പെടണമെങ്കിൽ, ഇന്ന് നിങ്ങൾ അവന്റെ സന്നിധിയിലായിരിക്കണം. നിങ്ങളുടെ സ്തുതിയിലും കൂട്ടായ്മയിലുമുള്ള മിക്കതും അവന്റെ സന്നിധിയിൽ ആയിരിക്കണമെന്നില്ല, പിന്നെയോ നിങ്ങളുടെതന്നെ തിരഞ്ഞെടുപ്പിൻ പ്രകാരമായിരിക്കാം. നിങ്ങൾ കർത്താവിന്റെ സന്നിധിയിലല്ല, പിന്നെയോ നിങ്ങളുടെ മുൻഗണനയിലും അഭിരുചിയിലും ആണ്. കൂട്ടായ്മ ആചരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുമ്പോൾ, കർത്താവു പറയും, "വേലയ്ക്കോ പഠനത്തിനോ പോകുവിൻ" എന്ന്.

### *3. ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും പരീക്ഷ വരുന്നു*

ജയാളികളുടെ ഉൾപ്രാപണത്തിനുവേണ്ടിയുള്ള ആവശ്യത്തിന്റെ മറ്റൊരു വശം ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും പരീക്ഷ വരുന്നു എന്നതാണ് (വെളി. 3:10). ഈ പരീക്ഷ ഒരുപക്ഷേ ആറാമത്തെ മുദ്രയുടെയും ആദ്യത്തെ നാലു കാഹളങ്ങളുടെയും പ്രകൃത്യാതീതമായ അത്യാഹിതങ്ങളോടുകൂടെ അവസാനത്തെ മൂന്നു കാഹളങ്ങളുടെ മൂന്നു കഷ്ടങ്ങൾ അടങ്ങുന്ന മഹോപദ്രവമായിരിക്കും. ആ കഷ്ടങ്ങളും അത്യാഹിതങ്ങളും ഭൂമിയിലെ നിവാസികൾക്കുള്ള ഏറ്റവും തീവ്രമായ പരീക്ഷയായിരിക്കും. ഈ പരീക്ഷയിൽനിന്നും രക്ഷപ്പെടുന്നതിന് അതു വരുന്നതിനുമുമ്പ് നാം എടുക്കപ്പെടണം.

### *4. സമാധാനവും സുരക്ഷിതത്വവും സംസാരിക്കുന്നവരുടെമേൽ പ്രസവവേദനപോലെ നാശം വരുന്നു*

1 തെസ്സലൊനീക്യർ 5:3 പറയുന്നു, "അവർ സമാധാനം എന്നും സുരക്ഷിതം എന്നും പറയുമ്പോൾ, ഗർഭിണിക്കു പ്രസവവേദന വരുന്നതുപോലെ ഉടനെ വിനാശം അവരുടെമേൽ വരുന്നു, അവർ ഒരുവിധത്തിലും രക്ഷപ്പെടുകയില്ല." സമാധാനവും സുരക്ഷിതത്വവും സംസാരിക്കുന്നവരുടെമേൽ പ്രസവവേദനപോലെ നാശം വരുമെന്ന് ഈ വാക്യം ചൂണ്ടിക്കാണിക്കുന്നു. ഐക്യനാടുകളിലുള്ളവർ *സമാധാനവും സുരക്ഷിതത്വവും* ഒരു മുദ്രാവാക്യമായി എടുക്കുന്നു. ജനം സമാധാനത്തെയും സുരക്ഷിതത്വത്തെയുംകുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ പെട്ടെന്ന് നാശം അവരുടെമേൽ വരും.

### *5. ഭൂമിക്കും സമുദ്രത്തിനുമുള്ള കഷ്ടമായി മഹാക്രോധത്തോടെ പിശാച് ഭൂമിയിലേക്ക് ഇറങ്ങിവരുന്നു*

ജയാളികളുടെ ഉൾപ്രാപണത്തിനുവേണ്ടിയുള്ള ആവശ്യത്തിന്റെ മറ്റൊരു വശം ഭൂമിക്കും സമുദ്രത്തിനുമുള്ള കഷ്ടമായി

മഹാക്രോധത്തോടെ പിശാച് ഭൂമിയിലേക്ക് ഇറങ്ങിവരും എന്നതാണ് (വെളി. 12:12). അപ്പോഴേക്കും അവന്റെ സമയം ചുരുക്കമാണെന്ന് അവൻ അറിയുകയും, അങ്ങനെ മനുഷ്യരെ അങ്ങേയറ്റം ദണ്ഡിപ്പിക്കുവാൻ അവനാൽ കഴിയുവോളം അവൻ സകലവും ചെയ്യുകയും ചെയ്യും. അവന്റെ ദുഷ്ട ദണ്ഡനത്തിൽനിന്ന് നമ്മെ അകറ്റിനിർത്തേണ്ടതിന് നമുക്ക് തീർച്ചയായും ഒരു ഉൾപ്രാപണം ആവശ്യമാണ്.

### *6. മഹാവ്യാളി—സാത്താൻ—സ്ത്രീയോടു കോപിച്ചിട്ട് അവളുടെ സന്തതിയിൽ ശേഷിക്കുന്നവരുമായി യുദ്ധം ചെയ്യുവാൻ പോകുന്നു*

സാത്താൻ എന്ന മഹാവ്യാളി ഭൂമിയിലേക്ക് ഇറങ്ങിവന്നതിനുശേഷം അവൻ സ്ത്രീയോട് കോപിക്കുകയും അവളുടെ സന്തതിയിൽ ശേഷിക്കുന്നവരോട് യുദ്ധം ചെയ്യുവാൻ പോകുകയും ചെയ്യും (12:17). പന്ത്രണ്ടാം അധ്യായത്തിലെ സ്ത്രീ സഭയും യിസ്രായേൽമക്കളും ഉൾപ്പെടുന്ന ദൈവജനത്തിന്റെ ആകത്തുകയാണ്. അവളുടെ മക്കൾ രണ്ടു വിഭാഗങ്ങളിൽ ഉള്ളവരാണ്: ന്യായപ്രമാണം പാലിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരും. യിസ്രായേലിന്റെ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പായ നൂറ്റിനാല്പത്തിനാലായിരംപേർ തീർച്ചയായും ന്യായപ്രമാണത്തോടു വിശ്വസ്തരായിരിക്കുകയും, വീണ്ടെടുക്കപ്പെട്ടവരായ വിശ്വാസികൾ യേശുവിന്റെ സാക്ഷ്യത്തോടു വിശ്വസ്തരായിരിക്കുകയും ചെയ്യും. സ്ത്രീയോടു കോപിച്ചിരിക്കുന്ന മഹാവ്യാളി അവളുടെ സന്തതിയിൽ ശേഷിക്കുന്നവരോട്, മോശെയുടെ ന്യായപ്രമാണം പാലിക്കുന്ന യെഹൂദന്മാരോടും യേശുവിന്റെ സാക്ഷ്യം ഉള്ളവരായ ക്രിസ്ത്യാനികളോടുംകൂടെ യുദ്ധം ചെയ്യും. ഇതിനുമുമ്പ് നേരത്തേയുള്ള ഒരു ഉൾപ്രാപണം ആവശ്യമാണ്.

### *7. മൃഗം—എതിർക്രിസ്തു—വിശുദ്ധന്മാരുമായി യുദ്ധം ചെയ്യുകയും അവരെ ജയിക്കുകയും ചെയ്യുന്നു*

എതിർക്രിസ്തുവിനെക്കുറിച്ചു പറയുമ്പോൾ വെളിപ്പാട് 13:7 പറയുന്നു, "വിശുദ്ധന്മാരോട് യുദ്ധംചെയ്ത് അവരെ ജയിക്കുവാനും അവന് അനുവാദം നൽകി." പന്ത്രണ്ടാം അധ്യായത്തിലെ സ്ത്രീയാൽ സൂചിപ്പിക്കപ്പെടുന്നതുപോലെ വിശുദ്ധന്മാർ ദൈവത്തിന്റെ ജനമാണ്. മഹോപദ്രവത്തിൽ വലിയൊരു എണ്ണം വിശ്വാസികൾ അപ്പോഴും അവിടെ ഉണ്ടായിരിക്കും; അവർക്കെതിരായി എതിർക്രിസ്തു യുദ്ധംചെയ്യുകയും ജയിക്കുകയും ചെയ്യും. മഹോപദ്രവത്തിന്റെ കാലത്ത് അവൻ വിശ്വാസികളെ ഉപദ്രവിക്കുമെന്ന് ഇത് അർഥമാക്കുന്നു. ആ സമയത്തിനുമുമ്പ് നമുക്കൊരു ഉൾപ്രാപണം എത്രമാത്രം ആവശ്യമായിരിക്കുന്നു!

ഭയങ്കരവും ഭയാനകവുമായ ഈ സകല കാര്യങ്ങളും വരുന്നതുകൊണ്ട്, നാം എടുക്കപ്പെടേണ്ട ആവശ്യമുണ്ട്. ഈ ഭീതിയുള്ള കാര്യങ്ങൾ സംഭവിക്കുന്നതിനുവേണ്ടി നാം കാത്തിരിക്കുന്നില്ല. ഈ വക കാര്യങ്ങൾ സംഭവിക്കുന്നതിനുമുമ്പ് കർത്താവു നമ്മെ എടുത്തുകൊള്ളുവാൻ നാം കാത്തിരിക്കുന്നു. അങ്ങനെ, ജയാളികളുടെ ഉൾപ്രാപിതരാകേണ്ടതിന്റെ ആവശ്യം തീർച്ചയായും ഉണ്ട്.

## B. വാഗ്ദത്തങ്ങൾ

### *1. ഇവ എല്ലാറ്റിൽനിന്നും രക്ഷപ്പെടുവാനും മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കുവാനും യോഗ്യരാകുവാൻ എണ്ണപ്പെടേണ്ടതിന്*

നാം ഇപ്പോൾ ജയാളികളുടെ ഉൾപ്രാപണത്തോടുള്ള ബന്ധത്തിലുള്ള വാഗ്ദത്തങ്ങളിലേക്കു വരുന്നു. ലൂക്കൊസ് 21:36 പറയുന്നു, "എന്നാൽ സംഭവിക്കുവാൻ പോകുന്ന ഈ കാര്യങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടുവാനും മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കുവാനും നിങ്ങൾ പ്രബലപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, എല്ലാ നേരത്തും ഉണർന്നിരിക്കുവിൻ." യവനഭാഷ അനുസരിച്ച്, *യോഗ്യരായി എണ്ണപ്പെടേണ്ടതിന്* എന്നതിന് "പൂർണ്ണമായി ബലപ്പെടേണ്ടതിന്" എന്നും വിവർത്തനം ചെയ്യാം. യവനഭാഷയിൽ ഈ പ്രയോഗത്തിന് രണ്ട് അർഥങ്ങളും ഉണ്ട്. നാം പൂർണ്ണമായി ബലപ്പെടുമ്പോൾ നാം യോഗ്യരായി എണ്ണപ്പെടുന്നു. കെണിയെ ഒഴിഞ്ഞുപോകുന്നതിനും മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കുന്നതിനും നാം പൂർണ്ണമായി ബലപ്പെട്ടിരിക്കണം. കർത്താവ് മടങ്ങിവരുന്നതിനു മുമ്പ്, മനുഷ്യപുത്രനായ അവൻ മൂന്നാം സ്വർഗത്തിലായിരിക്കും. ജയാളികൾ മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കുമെന്ന് ലൂക്കൊസ് 21:36 വെളിപ്പെടുത്തുന്നു. അവർ സ്വർഗത്തിലുള്ള ദൈവത്തിന്റെ സന്നിധിയിലേക്ക് എടുക്കപ്പെടുമെന്ന് ഇത് അർഥമാക്കുന്നു. കെണി വരാറായിരിക്കുന്നതിനാൽ അതിനെ ഒഴിഞ്ഞു പോകുവാൻ നാം പൂർണ്ണമായി ബലപ്പെട്ടിരിക്കണം. മത്സ്യബന്ധനത്തെക്കുറിച്ച് നിങ്ങൾ സുപരിചിതരാണെങ്കിൽ, ബലമുള്ള ചില മത്സ്യങ്ങൾ വലയെ ഒഴിഞ്ഞുപോകുവാൻ പ്രാപ്തിയുള്ളതാണെന്ന് നിങ്ങൾ മനസ്സിലാക്കും. അതുപോലെ, കെണിയെ ഒഴിഞ്ഞുപോകുവാനും സ്വർഗത്തിൽ കർത്താവിന്റെ സന്നിധിയിൽ നിൽക്കുവാനും ജയാളികൾ പൂർണ്ണമായി ബലപ്പെട്ടിരിക്കും. ഇത് മഹോപദ്രവത്തിനുമുമ്പ് എടുക്കപ്പെടുന്നതിനുള്ള ഒരു വാഗ്ദത്തമാണ്.

### *2. പരീക്ഷാകാലത്ത് കാക്കപ്പെട്ടിരിക്കുന്നത്*

ഉൾപ്രാപണത്തെ സംബന്ധിച്ചുള്ള മറ്റൊരു വാഗ്ദത്തം

വെളിപ്പാട് 3:10-ൽ കാണാം. "എന്റെ സഹിഷ്ണുതയുടെ വചനം നീ കാത്തതിനാൽ, ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന, പരീക്ഷയുടെ നാഴികയിൽനിന്ന് ഞാനും നിന്നെ കാക്കും." ഉപദ്രവത്തിനുശേഷം എല്ലാ ക്രിസ്ത്യാനികളും എടുക്കപ്പെടുമെന്ന് ചിലർ പറയുന്നു. ഡാർബി ഗ്രൂപ്പിൽനിന്നു വേറിട്ടതായ ബ്രദറനിലെ ന്യൂട്ടൺ ഗ്രൂപ്പെന്നു വിളിക്കപ്പെടുന്നവരുടെ ഇടയിൽ ഈ ധാരണ കണ്ടുവരുന്നു. എല്ലാ ക്രിസ്ത്യാനികളും ഉപദ്രവത്തിലൂടെ കടന്നുപോകുമെന്ന് ന്യൂട്ടൺ ഗ്രൂപ്പ് പഠിപ്പിക്കുന്നു. വെളിപ്പാട് 3:10-നെക്കുറിച്ച് ഞാൻ ഒരിക്കൽ ന്യൂട്ടൺ ഗ്രൂപ്പിലെ പ്രമുഖ ഉപദേഷ്ടാക്കന്മാരിൽ ഒരുവനോടു ചോദിച്ചു; ഈ വാക്യം അവർക്ക് ഒരു പ്രശ്നമായിരുന്നുവെന്ന് അദ്ദേഹം സമ്മതിച്ചു. ഈ വാക്യം അനുസരിച്ച്, ജയാളികൾ പരീക്ഷയിൽ നിന്നു മാത്രമല്ല, പരീക്ഷയുടെ നാഴികയിൽനിന്നും കാത്തുസൂക്ഷിക്കപ്പെടും, അതായത്, അവർ മഹോപദ്രവത്തിനുമുമ്പ് എടുക്കപ്പെടും. ഇക്കാരണത്താൽ, ജയാളികളുടെ ഉൾപ്രാപണം മഹോപദ്രവത്തിനു മുമ്പുണ്ടായിരിക്കും.